(എഫ്)മിച്ചഭൂമി സംബന്ധിച്ച കേസുകളിൽ തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മായിൽ) :

(എ) ഉണ്ട്

(ബി) സംസ്ഥാനത്ത് വിതരണത്തിന് ലഭ്യമായ മുഴുവൻ മിച്ചഭൂമിയും സമയബന്ധിതമായി അർഹരായ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ച് നൽകുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊതു ആവശ്യത്തിന് നീക്കി വച്ച ഭൂമിയിൽ ഉപയോഗിക്കാതെ ബാക്കി കിടക്കുന്ന മിച്ചഭൂമിയിൽ വിതരണം യോഗ്യമായത് പരിശോധിച്ച് അവ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സംസ്ഥാനത്ത് നടന്നുവരുന്നു. ഇതിലേക്ക് ലാന്റ് ബോർഡിൽ ലഭിച്ച എല്ലാ കേസുകളിലും ഡീ- റിസർവേഷൻ ഉത്തരവുകൾ നൽകിയിട്ടുള്ളതാണ്.

(സി) സംസ്ഥാനത്ത് 31.3.1999 വരെയുള്ള കാലയളവിൽ 96156 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 1113 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഏറ്റെടുത്ത മിച്ചഭൂമി മുഴുവൻ സമയബന്ധിതമായി അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്)പ്രത്യേക കോടതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. മിച്ചഭൂമി സംബന്ധിച്ച കേസുകൾ എത്രയുംവേഗം തീർപ്പുകൽപ്പിക്കുന്നതിലേക്ക് കോടതി ആവശ്യപ്പെടുന്ന റിക്കാർഡുകളും മറ്റ് വിവരങ്ങളും കാലതാമസം കൂടാതെ കോടതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ലാന്റ് ബോർഡ് കൈകൊണ്ടുവരുന്നു. കൂടാതെ കേസുകൾ അടിയന്തിരമായി തീർപ്പ് കല്പിക്കുന്നതിലേക്ക് സത്വര നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ട് ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ ലാന്റ് ബോർഡ് അസിസ്റ്റന്റ് സെക്രട്ടറിയെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

11 (*131) . റവന്യൂ കാർഡ്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് നൽകുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്നത്തേയ്ക്ക് എല്ലാവർക്കും റവന്യൂകാർഡ് നൽകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) റവന്യൂ കാർഡ് നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റവന്യൂ കാർഡിൽ ഉൾക്കൊള്ളിക്കാനുദ്ദേശിക്കുന്ന വിവരങ്ങൾ എന്തെല്ലാമാണ്;

(ഇ) റവന്യൂ കാർഡിന്റെ ഒരു മാതൃക മേശപ്പുറത്ത് വയ്ക്കുമോ?

റവന്യൂ വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 1999-ലെ കേരള റവന്യൂ കാർഡ് ആക്ടി നിലവിൽ വന്നുകഴിഞ്ഞു. (1999ലെ 20-ാം ആക്ട്) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷം തന്നെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡ് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇത് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) കുടുംബനാഥന്റെ പേര്, അംഗങ്ങളുടെ എണ്ണം, അവരുമായുള്ള ബന്ധം, അവരുടെ ജനനത്തീയതി, ജനനസ്ഥലം, ഓരോ അംഗങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ, വസ്തു-കെട്ടിടം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, അംഗങ്ങളുടെ തൊഴിൽ, ജാതി, മതം, ലഭിക്കുന്ന ധനസഹായങ്ങൾ, ബാദ്ധ്യതകൾ, കുടുംബവുമായും അംഗങ്ങളുമായും ബന്ധപ്പെട്ട മറ്റു വിവരങ്ങൾ എന്നിവയാണ് റവന്യൂ കാർഡിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്.

(ഇ) ചട്ടങ്ങൾ രൂപീകരിച്ചു കഴിഞ്ഞാൽ റവന്യൂ കാർഡിന്റെ മാതൃക തയ്യാറാക്കുന്നതാണ്.

12 (*132) വിവര സാങ്കേതികവിദ്യയുടെ വികസനംമൂലം സംസ്ഥാന വ്യവസായ മേഖലയ്ക്കുണ്ടാകുന്ന നേട്ടം

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം നൽകുന്ന നയം നടപ്പാക്കുന്നതുമൂലം വ്യവസായമേഖലയ്ക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കമ്പ്യൂട്ടർ നെറ്റ്വർക്ക് ഏർപ്പെടുത്തുന്നതിന് സംസ്ഥാനം ചെലവിടാൻ ഈ വർഷം നീക്കിവച്ചിട്ടുള്ള തുകയിൽ എത്ര ശതമാനം കേരളത്തിലെ വ്യവസായ മേഖലയ്ക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വിവര സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സോഫ്റ്റ് വെയറിന്റെ ആവശ്യകത നേരിടുന്നതിന് സംസ്ഥാന വ്യവസായ രംഗത്തെ സജ്ജമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇതുമൂലം സംസ്ഥാനത്തെ വ്യവസായമേഖലയിൽ എത്രത്തോളം തൊഴിലവസരങ്ങൾ ലഭ്യമാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly